August 2017

# ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും

(യോഹ 6:58)

## വിചിന്തനം:



യേശു കുരിശുമരണത്തിന്റെ തലേരാത്രി ഒരു പുതിയ ഉടമ്പടിയിൽ പ്രവേശിച്ചുകൊണ്ട് തന്റെ ശിഷ്യരുമായി അപ്പവും വീഞ്ഞും പങ്കുവച്ചു പറഞ്ഞു: "...വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരമാണ്; ...ഇതു വാങ്ങി പാനം ചെയ്യുവിൻ, ഇത് എന്റെ രക്തമാണ്" (മത്താ 26: 26 -28). ദിവ്യബലിയും പൗരോഹിത്യവും സ്ഥാപിച്ചുകെണ്ട് അവിടന്നു പറഞ്ഞു; "...ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22:19)

ജീവനും കൃപയും നാം സമൃദ്ധമായി സ്വീകരിക്കുന്ന ഉറവാണ് ദിവ്യബലി. യേശുപറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല"(യോഹ 6:53). കൂദാശകളിൽ ഏറ്റവും ശ്രേഷ്ഠമായത് വിശുദ്ധ കുർബ്ബാനയാണ്. മറ്റു കൂദാശകളെല്ലാം നമ്മെ അതിലേക്ക് ചിട്ടപ്പെടുത്തുന്നു.

സ്ത്രീയും പുരുഷനും വിവാഹമെന്ന കൂദാശയിൽ ഏകശരീരമാകാൻ ഐക്യപ്പെടുന്നതു പോലെ യേശു തന്റെ മണവാട്ടിയായ സഭയുമായി ഏക ശരീര ഐക്യത്തിൽ ആകുന്നു. ഈ ഐക്യമാണു വിശുദ്ധബലി. സാധ്യമായത്ര ഗാഢമായി നമ്മോട് ഐക്യപ്പെടുവാൻ വേണ്ടിയാണ് യേശു വിശുദ്ധബലി സ്ഥാപിച്ചത് യേശു പറഞ്ഞു: "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"(യോഹ 6:56). ഇതിനാലാണ് വിശുദ്ധ കുർബ്ബാന, വിശുദ്ധ സ്നേഹൈക്യമെന്നും വിളിക്കപ്പെടുന്നത്.

മനുഷ്യന് ദൈവത്തിനർപ്പിക്കാവുന്ന പരമോന്നത ആരാധനയാണ് വിശുദ്ധ കുർബ്ബാന. "യഥാർത്ഥ ആരാധകർ സത്യത്തിലും ആത്മാവിലും ആരാധിക്കും" എന്ന് യേശു പറഞ്ഞപ്പോൾ സൂചിപ്പിച്ചത് ദിവ്യകാരുണ്യത്തിന്റെ ആഘോഷമാണ്. യഥാർത്ഥ ആരാധനയിൽ നാം കാളകളെയോ ആടുകളെയോ അല്ല മറിച്ച്, നമ്മെത്തന്നെയാണു ദൈവത്തിനർപ്പിക്കുക. കുർബ്ബാനയാണ് യഥാർത്ഥ ആരാധന. അവിടെ ക്രിസ്തു തന്റെ ശരീരത്തെ അർപ്പിക്കുന്നതുപോലെ നാം നമ്മുടെ ശരീരങ്ങളെയും ദൈവത്തിനു സ്വീകാര്യവും പരിശുദ്ധവുമായ സജീവബലിയായി അർപ്പിക്കുന്നു. ഓരോ ദിവ്യബലിയും നമ്മെ ആഹ്വാനം ചെയ്യുന്നത് ക്രിസ്തുവിനെ അനുകരിക്കാനും അവനു സദൃശരാകാനുമാണ്. നാം വിളിക്കപ്പെടുന്നതു നാം ശ്രവിക്കുന്നതും, നാം ഭക്ഷിക്കുന്നതും, നാം ആചരിക്കുന്നതുമെന്താണോ അതായിത്തീരാനാണ്. ഓരോ ദിവ്യബലിയുടെയും ഒടുവിൽ നാം അയയ്ക്കപ്പെടുന്നത് ബലിജീവിതം തുടരാനാണ്.

ദിവ്യകാരുണ്യം ക്രിസ്തുവുമായുള്ള നമ്മുടെ നിത്യമായ ഐക്യത്തിലേക്കാണു നമ്മെ വഴികാട്ടുക. വെളിപാടു ഗ്രന്ഥം ഇതിനെ വിശേഷിപ്പിക്കുന്നത് "കുഞ്ഞാടിന്റെ വിവാഹവിരുന്ന്" എന്നാണ്. നാമിപ്പോൾ ദിവ്യകാരുണ്യത്തിൽ അനുഭവിക്കുന്ന ക്രിസ്തുവുമായുള്ള ഐക്യം സ്വർഗത്തിൽ കൂടുതൽ യാഥാർത്ഥ്യമാകും. നാം ദൈവത്തെ മുഖാമുഖം ദർശിക്കും; അവിടന്ന് നമ്മെ അറിയുന്നതുപോലെ നാം അവിടത്തെ അറിയും. നാം ഉറ്റുനോക്കുന്ന ഈ പരമാനന്ദത്തിന്റെ മുന്നാസ്വാദനമാണു ദിവ്യകാരുണ്യം. അതിനാലാണ് ദിവ്യകാരുണ്യം ക്രൈസ്തവ ജീവിതത്തിന്റെ ഉറവും പരകോടിയുമെന്നു വിളിക്കപ്പെടുന്നത്. ക്രൈസ്തവൻ തന്റെ ശക്തി നുകരുന്നത് അവിടെ നിന്നായതുകൊണ്ട് അത് ഉറവാണ്: നാം ദൈവത്തിനർപ്പിക്കുന്ന ആരാധന പരകോടിയിൽ എത്തുന്നത് അവിടെയാണ്.

ഒരു ജീസസ് യൂത്ത് എന്ന നിലയിൽ ഞാൻ എല്ലാ ദിവസവും വിശുദ്ധബലിയിൽ പങ്കെടുക്കുന്നുണ്ടാവാം. എന്നാൽ എന്താണ് എന്നെ ബലിയിലേക്കു നയിക്കുന്നത്? അത് ഒരു കർത്തവ്യബോധമാണോ; ഒരു ശീലമാണോ?. ദൈവവുമായി നിരന്തരം ആഴപ്പെടുന്ന ഐക്യത്തിനുവേണ്ടിയുള്ള തീവ്രാഭിലാഷവും എന്റെയുള്ളിൽ അനുഭവവേദ്യമാകുന്ന സ്നേഹവും കൃതജ്ഞതയും അളവറ്റ ഈ പരിശുദ്ധ പരമ ത്യാഗത്തിലേക്ക് എന്നെ കൂടുതൽ അടുപ്പിക്കട്ടെ. ദിവ്യകാരുണ്യമാണ് എന്നോടുള്ള ദൈവ സ്നേഹത്തിന്റെ മഹോന്നതമായ പ്രകാശനം. അതിലെ എന്റെ പങ്കാളിത്തം ദൈവത്തോടുള്ള എന്റെ സ്നേഹത്തിന്റെ മഹത്തായ പ്രകാശനമായി മാറുന്നു.

## വിശുദ്ധന്റെ മൊഴി:

"മാലാഖമാർക്ക് മനുഷ്യരോട് അസൂയ ഉണ്ടെങ്കിൽ അത് ഒരു കാരണത്താലാവും; അതു ദിവ്യകാരുണ്യമാണ്."
വിശുദ്ധ മാക്സിമില്യൻ കോൾബേ

## സത്ക്രിയ

വിശുദ്ധബലിയ്ക്കു മുമ്പ് കുറച്ചുസമയം ഒരുങ്ങുക. അർപ്പിക്കാൻ എന്തെങ്കിലുമുണ്ടാവണം. നിന്റെ യോഗ്യതയിലല്ലാ യേശുവിന്റെ യോഗ്യതയിൽ ശരണം വയ്ക്കുക. നീ മറ്റുള്ളവർക്ക് ഒരു സജീവ ബലിയായിത്തീരുന്നതിനുവേണ്ടി നിന്നെ പരിവർത്തനപ്പെടുത്തുവാൻ ദിവ്യകാരുണ്യത്തെ അനുവദിക്കുക.